പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 42      10.12.2012 ൽ മറുപടിക്ക്

## പുകയില ഉത്പന്നങ്ങളുടെ നിയന്ത്രണം

**ചോദ്യം**

ശ്രീ. സി. ദിവാകരൻ

(എ) വിദ്യാലയങ്ങളുടെ എത്ര മീറ്റർ പരിധിയിലാണ് പുകയില ഉൽപന്നങ്ങളുടെ കച്ചവടം നിയന്ത്രിച്ചിട്ടുള്ളത്;

(ബി) വിദ്യാലയങ്ങളുടെ ചുറ്റളവിൽ പുകയില ഉത്പന്നങ്ങൾ കച്ചവടം നടത്തിയതിന് എത്ര പേരുടെ മേൽ നടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) ഇതുമായി ബന്ധപ്പെട്ട് വ്യത്യസ്ത ഡിപ്പാർട്ട്മെന്റുകളിൽ നിന്ന് വ്യത്യസ്ത രീതിയിൽ ഉത്തരവ് ഇറങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ യെന്നറിയിക്കുമോ?

**മറുപടി**

ശ്രീ. ഉമ്മൻചാണ്ടി
മുഖ്യമന്ത്രി

(എ) മുതൽ (സി) വരെ

പാൻമസാല തുടങ്ങിയ ലഹരി വസ്തുക്കളുടെ വിൽപന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ 400 മീറ്റർ പരിധിയിൽ നിരോധിച്ചുകൊണ്ട് ആരോഗ്യ കുടംബക്ഷേമ വകുപ്പ് 13.01.2012 ൽ ഉത്തരവിറക്കിയിരുന്നു. എന്നാൽ ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിൽ നിന്നും, പുകയില അടങ്ങിയ പാൻ മസാല (അവ ഏതു പേരിൽ അറിയപ്പെട്ടിരുന്നാലും) സംസ്ഥാനം മുഴുവനും വിൽപ്പന നടത്തുന്നത് നിരോധിച്ചുകൊണ്ട് 22.05.2012 ൽ ഉത്തരവിറക്കിയിട്ടുള്ള സാഹചര്യത്തിൽ 400 മീറ്റർ എന്ന ദൂര പരിധി പ്രസക്തമല്ല. നിലവിൽ പുകയില, മറ്റ് തരത്തിലുള്ള പുകയില ഉൽപ്പന്നങ്ങൾ തുടങ്ങിയവ Cigarettes and Other Tobacco Products (Prohibition of Advertisement and Regulation of Trade and Commerce, Production, Supply and Distribution) Act, 2003 പ്രകാരം വിദ്യാഭ്യസ സ്ഥാപനങ്ങളുട 100 യാർഡ് ചുറ്റളവിൽ വിൽക്കുവാൻ പാടില്ലാത്തതും പാൻമസാലയുടെ വിൽപന പൂർണ്ണമായും നിരോധിച്ചിട്ടുള്ളതുമാണ്.

വിദ്യാലയങ്ങളുടെ ചുറ്റളവിൽ പുകയില ഉത്പന്നങ്ങൾ കച്ചവടം നടത്തിയതിന് 2344 പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്;

സെക്ഷൻ ഓഫീസർ